മനസ്സറിയുക ശരീരവും

ഡോ. (സി.) ഷാലു കോയിക്കര

# കൗമാരഗർഭം ഒരു മഹാവിപത്ത്

**മാതാപിതാക്കളും കുട്ടികളും ഒരുപോലെ ധാർമിക ബോധത്തിൽ വളരണം. കുട്ടികളുടെ സുഹൃത്ബന്ധങ്ങളെക്കുറിച്ച് മുതിർന്നവർക്ക് അറിവുണ്ടാകണം. ടിവി, ഇന്റർനെറ്റ് മുതലായവയുടെ ഉപയോഗം നിയന്ത്രിതമാക്കണം. ഈശ്വരവിശ്വാസത്തിലും ഭക്തിയിലും കുട്ടികൾ വളരാൻ മാതാപിതാക്കൾ മുൻകൈയെടുക്കണം. അതേസമയം തന്നെ അച്ഛനും അമ്മയും കുട്ടികളുടെ സുഹൃത്തുക്കൾ കൂടിയാകണം. എല്ലാ കാര്യങ്ങളെക്കുറിച്ചും മാതാപിതാക്കളോട് തുറന്നു സംസാരിക്കാനുള്ള ആർജവം ഇത് കുട്ടികളിൽ സൃഷ്ടിക്കും.**

**വി**കസിതരാജ്യങ്ങളിൽ കൗമാരഗർഭധാരണത്തിലും ഭ്രൂണഹത്യയിലും മുൻപിൽ നില്ക്കുന്നത് അമേരിക്കയാണ്. 1950കളിൽ നിന്ന് 1990കളിലേക്കായപ്പോൾ കൗമാരക്കാരിൽ നിന്നുള്ള ജനനനിരക്ക് കുറഞ്ഞു. ഇതിനു പ്രധാനമായും രണ്ട് കാരണങ്ങളാണ് ചൂണ്ടിക്കാട്ടപ്പെടുന്നത്. കൗമാരക്കാരുടെ സ്വയം നിയന്ത്രിക്കാനുള്ള കഴിവും ഗർഭനിരോധന മാർഗ്ഗങ്ങളുടെ ഉപയോഗവും.

പല കാരണങ്ങളാണ് ടീനേജ് പ്രഗ്നൻസിക്കുള്ളത്. ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിൽ കൗമാര വിവാഹങ്ങൾ കുറവല്ല. മറ്റൊന്ന് കൗമാരക്കാരക്കാരുടെ ലൈംഗികതയോടുള്ള മനോഭാവമാണ്. കൈസർ ഫാമിലി ഫൗണ്ടേഷന്റെ പഠനമനുസരിച്ച് ഇരുപത്തിയൊൻപതുശതമാനം കുട്ടികളുടെ കാര്യത്തിൽ തങ്ങളിൽ നിന്നു തന്നെയുള്ള ഒരു സമ്മർദമായി ഇതു മാറുന്നു എന്നുള്ളതാണ്. മുപ്പത്തിമൂന്നര ശതമാനം കുട്ടികളുടെ കാര്യത്തിലാകട്ടെ മറ്റുള്ളവരുമായുള്ള ബന്ധം വളരെ വേഗത്തിൽ ലൈംഗികബന്ധത്തിലേക്ക് നീങ്ങുന്നു എന്നതും. പല കൗമാരക്കാരും സഹപാഠികളുടെ സമ്മർദ്ദത്തിനു വഴങ്ങി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നവരാണ്. ലൈംഗിക പീഡനം മൂലം ഏറെ കുട്ടികൾ ഗർഭിണികളാകുന്നുണ്ട്. പലപ്പോഴും അവരെക്കാൾ മുതിർന്ന പുരുഷന്മാരുടെ ഭാഗത്തുനിന്നായിരിക്കും ഇതുപോലുള്ള അനുഭവങ്ങൾ ഉണ്ടാവുക. കൗമാരകാലത്തു ഗർഭിണികളാകുന്നവരിൽ 70 ശതമാനം പേരും അതിനു മുൻപ് ലൈംഗിക പീഡനം ഏറ്റവരാണെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. പെൺകുട്ടികളുടെ റിപ്പോർട്ടനുസരിച്ച് അവരിൽ പലരും കാമുകന്റെ ഭാഗത്തുനിന്നുള്ള ശാരീരിക പീഡനവും ഏൽക്കേണ്ടി വന്നിട്ടുള്ളവരാണ്. ഇതു കൂടുതലും പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികളുടെ അനുഭവമാണ്.

കുട്ടികൾ വളരുന്ന സാഹചര്യങ്ങളും പലപ്പോഴും കൗമാര ഗർഭധാരണത്തിന് അനുകൂലമായി വർത്തിക്കാറുണ്ട്. കുടുംബത്തിലുണ്ടാകുന്ന ഏതെങ്കിലും വിധത്തിലുള്ള പീഡനങ്ങൾ, അക്രമപരമായ പ്രവർത്തനങ്ങൾ, സംഘർഷാവസ്ഥ മുതലായവ ഇതിനു വഴിതെളിക്കും. അമ്മയെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്ന ഭവനാന്തരീക്ഷത്തിൽ വളരുന്ന ആൺകുട്ടി, പെൺകുട്ടിയുമായുള്ള ബന്ധത്തിൽ ലൈംഗിക ബന്ധത്തിനു മറ്റെയാളെ നിർബന്ധിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. വിദ്യാഭ്യാസത്തിന്റെ അഭാവവും ഈ കാര്യത്തിലേക്ക് വഴിതെളിക്കും. മാതാപിതാക്കളുമായി ആരോഗ്യപരമായ ബന്ധമില്ലാത്ത കുട്ടികളാണ് ഇങ്ങനെയുള്ള വിപത്തുകളിൽ പോയി വീഴുന്നത്. സ്വന്തം അമ്മയ്ക്കോ മൂത്ത സഹോദരിക്കോ ഇങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതും ടീനേജ് പ്രഗ്നൻസിക്ക് വഴിതെളിക്കും.

## അനന്തരഫലങ്ങൾ

ശാരീരികമായി ലൈംഗിക പക്വത പ്രാപിക്കുന്നതുകൊണ്ടുമാത്രം ഒരുവൻ അതിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള അവസ്ഥയിലേക്കെത്തുന്നില്ല. കൗമാര പ്രായത്തിലുള്ള ഒരു പെൺകുട്ടിയെ സംബന്ധിച്ച് അവളുടെ മാനസിക വളർച്ച പാതിയെത്തി നില്ക്കുന്നതേയുള്ളൂ. തന്റെ മനസ്സിലെ തേങ്ങലുകൾക്കും സംഘട്ടനങ്ങൾക്കും വൈരുധ്യങ്ങൾക്കും ഉത്തരം അന്വേഷിച്ചു കൊണ്ടിരിക്കുന്ന പ്രായമാണിത്.

ഒരു കുഞ്ഞിനെ ഗർഭം ധരിക്കുക, അതിനെ അതിന്റെ പൂർണതയിലെത്തിച്ച് ജന്മം കൊടുക്കുക, വളർത്തിയെടുക്കുക ഇതൊക്കെ വളരെയേറെ മാനസിക പക്വതയും ധൈര്യവും ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. മറ്റുള്ളവരിൽ നിന്ന്, പ്രത്യേകിച്ച് ജീവിതപങ്കാളിയിൽ നിന്ന് ഏറെ സഹായസഹകരണങ്ങൾ ഈ കാലഘട്ടത്തിൽ ആവശ്യമുണ്ട്. സാമ്പത്തികമായും കൂടുതൽ കരുതലുകൾ വേണം. ഇവയൊക്കെ കൗമാര പ്രായത്തിലുള്ള അവിവാഹിതയായ ഒരു പെൺകുട്ടിക്ക് എവിടെ നിന്ന് ലഭിക്കും. ഇങ്ങനെയൊരു സംഭവത്തെക്കുറിച്ച് അറിഞ്ഞു കഴിയുമ്പോൾ അതുവരെ വളരെ സ്നേഹം നടിച്ചിരുന്ന വ്യക്തിയിൽ നിന്ന് ലഭിക്കുന്നത് തിരസ്ക്കരണവും ഭീഷണിയും പീഡനങ്ങളും ആയിരിക്കും. ഈ അവസരത്തിൽ തന്നോടു തന്നെ വെറുപ്പും വിദ്വേഷവും ഇതിനു കാരണക്കാരനായ വ്യക്തിയോടു പകയും ആയിരിക്കും അനുഭവപ്പെടുന്നത്.

കുറ്റബോധവും നഷ്ടബോധവും മനസ്സിൽനിന്നു വിട്ടുമാറാതെ നില്ക്കും. ഭാവിയെക്കുറിച്ചുള്ള ആശങ്ക മനസ്സിനെ വല്ലാതെ മഥിച്ചുകൊണ്ടിരിക്കും. ലജ്ജയും അഭിമാനക്ഷതവും മനസ്സിനെ മുറിവേല്പ്പിക്കും. മറ്റുള്ളവരിൽ നിന്നെല്ലാം ഒറ്റപ്പെട്ടു നില്ക്കാനായിരിക്കും താത്പര്യം. വിഷാദവും നൈരാശ്യവും ചിലപ്പോൾ വിഷാദരോഗത്തിലേക്കും ആത്മഹത്യയിലേക്കും നയിക്കും. ഇതിന്റെയെല്ലാം ഫലമായി തന്റെ ഉദരത്തിലുള്ള കുഞ്ഞിനെക്കുറിച്ചു താത്പര്യത്തോടെ ചിന്തിക്കുവാനോ അതവനെ കാത്തിരിക്കുവാനോ ഒന്നും സാധിക്കുകയില്ല. തുടർച്ചയായ മാനസിക സംഘട്ടനത്തിൽ കൂടി കടന്നുപോകുന്നതുകൊണ്ട് അത് കുഞ്ഞിനെയും സാരമായി ബാധിക്കും.

പഠിച്ചുകൊണ്ടിരുന്ന കുട്ടിയാണെങ്കിൽ മിക്കവാറും വിദ്യാഭ്യാസവും ഇതോടെ അവസാനിപ്പിക്കേണ്ടി വരും. ഈ കാലഘട്ടത്തിൽ അമ്മയ്ക്കും കുഞ്ഞിനും ലഭിക്കേണ്ട പോഷകാഹാരമോ ശരിയായ പരിചരണമോ ഒന്നും തന്നെ ലഭിക്കാനും എളുപ്പമല്ല. അതുകൊണ്ട് രണ്ടുപേരുടെയും ആരോഗ്യാവസ്ഥ മോശമാവുകയും വ്യക്തിപരമായി മാത്രമല്ല കുടുംബത്തിനു മുഴുവനായും ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുകയും ചെയ്യും. വൈകാരിക സംഘട്ടനങ്ങളും പരസ്പര കുറ്റപ്പെടുത്തലുകളും ഒക്കെ ഇതിൽ നിന്നുണ്ടാകും. സമുദായത്തിൽ നിന്നുപോലും ഇങ്ങനെയുള്ളൊരു കുടുംബം ഒറ്റപ്പെടും. ഏതുരീതിയിൽ നോക്കിയാലും വളരെയേറെ അസ്വസ്ഥതകൾ വരുത്തിവയ്ക്കുന്ന ഒന്നാണ് കൗമാരഗർഭധാരണം എന്നത്.

പക്വമായ ലൈംഗിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത വളരെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. പതിയിരിക്കുന്ന അപകടങ്ങളെ മനസ്സിലാക്കാൻ മാതാപിതാക്കൾ കുട്ടികളെ പഠിപ്പിക്കണം. തങ്ങളുടെ തന്നെ വൈകാരിക ഇഷ്ടങ്ങളോടും തോന്നലുകളോടും 'നോ' പറയാൻ കുട്ടികൾക്ക് ചെറുപ്പത്തിലേ മുതൽ പരിശീലനം കിട്ടണം. മാതാപിതാക്കളും കുട്ടികളും ഒരുപോലെ ധാർമിക ബോധത്തിൽ വളരണം. കുട്ടികളുടെ സുഹൃത്ബന്ധങ്ങളെക്കുറിച്ച് മുതിർന്നവർക്ക് അറിവുണ്ടാകണം. ടിവി, ഇന്റർനെറ്റ് മുതലായവയുടെ ഉപയോഗം നിയന്ത്രിതമാക്കണം. ഈശ്വരവിശ്വാസത്തിലും ഭക്തിയിലും കുട്ടികൾ വളരാൻ മാതാപിതാക്കൾ മുൻകൈയെടുക്കണം. അതേസമയം തന്നെ അച്ഛനും അമ്മയും കുട്ടികളുടെ സുഹൃത്തുക്കൾ കൂടിയാകണം. എല്ലാ കാര്യങ്ങളെക്കുറിച്ചും മാതാപിതാക്കളോട് തുറന്നു സംസാരിക്കാനുള്ള ആർജവം ഇത് കുട്ടികളിൽ സൃഷ്ടിക്കും.

*(തുടരും)*

>> 5

# ഇടതുമുന്നണിയിൽ ഇനി പ്രതിസന്ധിയുടെ കലാശക്കൊട്ട്

ഇടതുമുന്നണിയിലെ പ്രമുഖ ഘടക കക്ഷിയായ സിപിഐക്കും പല കാര്യങ്ങൾ തെളിയിക്കേണ്ടതുണ്ട്. മുന്നണിയിലെ തങ്ങളുടെ പ്രാമുഖ്യം ചോദ്യം ചെയ്യപ്പെട്ട നിലയിലാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ സീറ്റ് വിഭജനം അരങ്ങേറിയത്. വീണ്ടും നില വഷളാകാതിരിക്കണമെങ്കിൽ അവർക്ക് ശക്തി തെളിയിച്ചേ പറ്റൂ.

ഇതെല്ലാം മുന്നണിക്കകത്തെ കക്ഷികളുടെയും നേതാക്കളുടെയും പ്രശ്നങ്ങളാണ്. മുന്നണിക്കു മൊത്തത്തിൽ കനത്ത പരാജയത്തിനുള്ള സാധ്യതകളാണു തെളിഞ്ഞുകാണുന്നത്. അങ്ങനെ വന്നാൽ ഈ തെരഞ്ഞെടുപ്പിൽ സിപിഎം കൈക്കൊണ്ട നിലപാടുകൾ ചോദ്യം ചെയ്യപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. പിഡിപി ബന്ധം പോലുള്ള കാര്യങ്ങൾ ചർച്ചാവിഷയമാകുകയും പാർട്ടിയുടെ ഔദ്യോഗികപക്ഷത്തിനെതിരായ ശക്തമായ വിമതശബ്ദം പാർട്ടിക്കുള്ളിൽ നിന്നു തന്നെ ഉയരുകയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല.

അതുപോലെ തന്നെ തെരഞ്ഞെടുപ്പുഫലത്തെ കാര്യമായി സ്വാധീനിക്കാവുന്ന തരത്തിൽ വിഎസ് പക്ഷം പാർട്ടിക്ക് എതിർനിലപാടു കൈക്കൊണ്ടു എന്ന കാര്യവും പാർട്ടിക്കുള്ളിൽ ചർച്ച ചെയ്യാതിരിക്കാൻ സാധിക്കില്ല. സിപിഎമ്മിന്റെ ചരിത്രത്തിലാദ്യമായാണ് തെരഞ്ഞെടുപ്പുവേളയിൽ പാർട്ടിക്കുള്ളിൽ നിന്ന് ഇത്രമാത്രം എതിർപ്പും നിസഹകരണവും നേരിടുന്നത്. ഒരു പക്ഷേ കമ്യൂണിസ്റ്റ് പാർട്ടിയുടെ കെട്ടുറപ്പിനെയും അച്ചടക്കത്തെയും പോലും വെല്ലുവിളിച്ചു കൊണ്ട് ഉയർന്നു വന്നിരിക്കുന്ന ഈ പ്രശ്നം അച്ചടക്ക നടപടിയെന്ന ആയുധം ഉപയോഗിച്ചു വെട്ടിനിരത്തി അവസാനിപ്പിക്കാൻ കഴിയുന്ന പ്രശ്നമാണോയെന്ന് കാലം തെളിയിക്കും.

ഭരണരംഗത്തും പാർട്ടിക്കു നല്ലകാലമല്ല വരുന്നത്. മേയ് രണ്ടാം വാരത്തോടെ ലാവ്ലിൻ കേസിൽ പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യുന്നതു സംബന്ധിച്ച കാര്യത്തിൽ സർക്കാരിനു തീരുമാനമെടുക്കേണ്ടി വരും. ഇക്കാര്യത്തിലുള്ള തീരുമാനം നീട്ടിക്കൊണ്ടു പോകാൻ ശ്രമിച്ചാലും മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ നിലപാടെന്തെന്ന ചോദ്യം ഉയരും. ഇനി വിഎസിനെ മാറ്റിയാൽ പോലും പ്രശ്നം വീണ്ടും കോടതി കയറുകയായിരിക്കും ചെയ്യുക. എന്തായാലും തെരഞ്ഞെടുപ്പു കാലയളവിലേക്കു ഒതുക്കിവച്ച ലാവ്ലിൻ പ്രശ്നത്തെ ഒരിക്കൽ കൂടി പ്രതിരോധിക്കേണ്ട സ്ഥിതിയിലേക്ക് സിപിഎമ്മും പിണറായി വിജയനും എത്തുകയാണ്. അപ്പോഴേക്കും തെരഞ്ഞെടുപ്പുഫലത്തിന്റെ അടിസ്ഥാനത്തിൽ പാർട്ടിയിലെ ബലാബലം എവിടെ എത്തി നില്ക്കുമെന്നതും കാണേണ്ട കാര്യം തന്നെ.

ചുരുക്കത്തിൽ തെരഞ്ഞെടുപ്പുഫലം വന്നു കഴിഞ്ഞാൽ സിപിഎം കടുത്ത ആഭ്യന്തരപ്രശ്നത്തിലേക്കു പതിക്കാൻ പോകുകയാണ്. അവശേഷിക്കുന്ന രണ്ടരവർഷ കാലയളവും കണക്കുതീർക്കലും വെട്ടിനിരത്തലുമൊക്കെയായി കടന്നുപോകും. അതുകഴിയുമ്പോൾ അവശേഷിക്കുന്നത് എന്താകും എന്നതു കാത്തിരുന്നു കാണാം.

◆

ഇതാണു നിയമം

അഡ്വ. ചാർളിപോൾ

എം.എ, എൽ.എൽ.ബി, ഡി.എസ്.എസ്

# കേസുകൾ രാജിയാകൽ

**കേ**സുകളിൽ ചെന്നുപെടുന്നവർക്ക് അതിൽ നിന്ന് ഊരിപ്പോരാൻ കുറച്ച് കഴിയുമ്പോൾ തോന്നും. കേസിന്റെ നൂലാമാലകളിൽ കിടന്ന് നട്ടംതിരിയുമ്പോൾ എങ്ങനെയെങ്കിലും ഇതൊന്നു അവസാനിച്ചുകിട്ടിയാൽ മതിയായിരുന്നു എന്ന് തോന്നുന്ന ഘട്ടവും ഉണ്ടാകാം. അപ്പോഴാണ് കേസ് രാജിയാകുന്നതിനെക്കുറിച്ച് ചിന്തിക്കുക.

ചില ക്രിമിനൽ കേസുകളിൽ രാജിയാകുന്നതിന് നിയമം അനുവദിച്ചിട്ടുണ്ട്. ക്രിമിനൽ നടപടി നിയമം 320-ാം വകുപ്പനുസരിച്ച് കേസ് രാജിയാകാം. ചില സന്ദർഭങ്ങളിൽ കോടതിയുടെ അനുവാദത്തോടെ മാത്രമേ രാജിയാകുവാൻ സാധിക്കൂ.

18 വയസ്സിൽ താഴെയുള്ളവരും മന്ദബുദ്ധികളും മാനസികരോഗികളും കക്ഷികളായുള്ള കേസിൽ അവർക്കുവേണ്ടി നിയമാനുസൃതം കരാറിലേർപ്പെടാവുന്ന ആളുകൾക്ക് കോടതിയുടെ അനുവാദത്തോട് കൂടി കേസുകൾ രാജിയാകാവുന്നതാണ്. കേസ് രാജിയാകേണ്ട കക്ഷി മരിച്ചുപോയാൽ അയാളുടെ അവകാശികൾക്ക് കേസ് രാജിയാകുന്നതിന് അനുവാദം കൊടുക്കാവുന്നതാണ്. വിസ്താരത്തിനുശേഷം കേസ് കമ്മിറ്റു ചെയ്യുകയോ ശിക്ഷ വിധിച്ചതിനുശേഷം അപ്പീൽ കൊടുക്കുകയോ ചെയ്താൽ ആ കോടതികളുടെ അനുവാദം വാങ്ങേണ്ടതാണ്.

കേസ് രാജിയായിത്തീർന്നാൽ നിയമദൃഷ്ട്യാ പ്രതിയെ വെറുതെ വിട്ടതായി പരിഗണിക്കുന്നതാണ്.

***കോടതിയുടെ പ്രത്യേക അനുമതി കൂടാതെ രാജിയാകാവുന്ന കേസുകൾ.***

1. മതവികാരങ്ങൾ വ്രണപ്പെടുത്തുക (ഐപിസി 298).

2. ദേഹോപദ്രവം ഏല്പിക്കുക (ഐപിസി 323,324).

3. അന്യായ തടസ്സവും തടങ്കലും (ഐപിസി 341,342).

4. കുറ്റകരമായ കയ്യേറ്റവും ബലപ്രയോഗവും (ഐപിസി 352,355, 3587).

5. സ്വകാര്യവ്യക്തിക്ക് നഷ്ടംവരുത്തുന്ന നാശകൃത്യം (ഐപിസി 426, 427).

6. കുറ്റകരമായ വസ്തു കൈയേറ്റം (ഐപിസി 447).

7. ഭവനം അതിക്രമിച്ചു കടക്കുക (ഐപിസി 448).

8. കരാർ ഉടമ്പടിയുടെ കുറ്റകരമായ ലംഘനം (ഐപിസി 491).

9. പരദഗമനം (ഐപിസി 4977).

10. വിവാഹിതകളെ ദുരുദ്ദേശ്യത്തിൽ വശീകരിച്ചുകൊണ്ടുപോവുക (ഐപിസി 498).

11. അപകീർത്തി (ഐപിസി 500, 501, 502).

12. സമാധാനലംഘനം ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടി പ്രകോപനപരമായി അധിക്ഷേപിക്കുക (ഐപിസി 504).

13. ഏഴ് കൊല്ലം തടവുശിക്ഷ കൊടുക്കാവുന്നതൊഴികെയുള്ള കുറ്റകരമായ ഭീഷണി (ഐപിസി 506).

14. ദൈവകോപം ഉണ്ടാകുമെന്ന് വിശ്വസിപ്പിച്ച് ഏതെങ്കിലും പ്രവൃത്തി ചെയ്യിക്കുക (ഐപിസി 508).

***കോടതിയുടെ അനുവാദത്തോടെ രാജിയാകാവുന്ന കേസുകൾ.***

1. അപായകരമായ ആയുധം ഉപയോഗിച്ച് ദേഹോപദ്രവം ഏല്പിക്കുക (ഐപിസി 324).

2. കഠിന ദേഹോപദ്രവം ഏല്പിക്കുക (ഐപിസി 325, 335).

3. അവിവേകമായോ ഉദാസീനമായോ ഒരു പ്രവൃത്തി ചെയ്തതിന്റെ ഫലമായി ദേഹോപദ്രവം ഏല്പിക്കുക (ഐപിസി 337).

4. മൂന്ന് ദിവസമോ അതിലധികോ കാലത്തേക്ക് കുറ്റകരമായ തടങ്കലിൽ വയ്ക്കുക, രഹസ്യമായി തടവിൽ സൂക്ഷിക്കുക (ഐപിസി 343, 344, 346).

5. ഒരു സ്ത്രീയെ അപമാനിക്കണമെന്നു കരുതിയോ ഒരാളെ അന്യായത്തടവിലാക്കണമെന്ന് കരുതിയോ നടത്തുന്ന കൈയേറ്റവും ബലപ്രയോഗവും (ഐപിസി 354, 357).

6. 250 രൂപയിൽ കവിയാതെ വിലവരുന്ന സാധനങ്ങളുടെ മോഷണം (ഐപിസി 379, 381).

**18 വയസ്സിൽ താഴെയുള്ളവരും മന്ദബുദ്ധികളും മാനസികരോഗികളും കക്ഷികളായുള്ള കേസിൽ അവർക്കുവേണ്ടി നിയമാനുസൃതം കരാറിലേർപ്പെടാവുന്ന ആളുകൾക്ക് കോടതിയുടെ അനുവാദത്തോട് കൂടി കേസുകൾ രാജിയാകാവുന്നതാണ്. കേസ് രാജിയാകേണ്ട കക്ഷി മരിച്ചുപോയാൽ അയാളുടെ അവകാശികൾക്ക് കേസ് രാജിയാകുന്നതിന് അനുവാദം കൊടുക്കാവുന്നതാണ്. വിസ്താരത്തിനുശേഷം കേസ് കമ്മിറ്റു ചെയ്യുകയോ ശിക്ഷ വിധിച്ചതിനുശേഷം അപ്പീൽ കൊടുക്കുകയോ ചെയ്താൽ ആ കോടതികളുടെ അനുവാദം വാങ്ങേണ്ടതാണ്.**

7. പതിവായി വസ്തു കൈയടക്കുക (ഐപിസി 403).

8. 250 രൂപ വിലയിൽ കവിയാതെ വിലവരുന്ന മുതലുകളെ സംബന്ധിച്ചുള്ള കുറ്റകരമായ വിശ്വാസലംഘനം (ഐപിസി 406, 407, 408).

9. 250 രൂപ വിലയിൽ കവിയാത്ത മോഷണമുതൽ സ്വീകരിക്കുക (ഐപിസി 411, 414).

10. ചതിവ്, ആൾമാറാട്ടം (ഐപിസി 417, 418, 419, 420).

11. കള്ളപ്രതിഫലം കാണിച്ച് ആധാരം നടത്തുക (ഐപിസി 423, 424).

12. മൃഗങ്ങളെ കൊന്നോ അംഗവൈകല്യം വരുത്തിയോ മറ്റൊരാളെ ദ്രോഹിക്കുക (ഐപിസി 428, 429).

13. സ്വകാര്യ വ്യക്തികൾക്ക് നഷ്ടം ഉണ്ടാകത്തക്കവിധം ജലസേചനത്തിനുള്ള ക്രമീകരണത്തിന് ഹാനി വരുത്തുക (ഐപിസി 430).

14. മോഷണം ഒഴികെ, തടവ് ശിക്ഷിക്കാവുന്ന ഏതെങ്കിലും കുറ്റകൃത്യം നടത്തുന്നതിനു വേണ്ടി ഭവനം അതിക്രമിച്ചു കടക്കുക (ഐപിസി 451).

15. വ്യാപാര അടയാളങ്ങളോ ചരക്കടയാളങ്ങളോ കളവായി ഉപയോഗിക്കുക (ഐപിസി 482, 483, 486).

16. ഭർത്താവോ ഭാര്യയോ ജീവിച്ചിരിക്കുമ്പോൾ പുനർവിവാഹം നടത്തുക (ഐപിസി 494).

17. ഒരു സ്ത്രീയെ അപമാനിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി സംസാരിക്കുക, ആംഗ്യം കാണിക്കുക (ഐപിസി 509).

ഇന്ത്യൻ ശിക്ഷാനിയമത്തിലെ മറ്റു വകുപ്പുകൾ രാജിയാകുന്നതിനു വ്യവസ്ഥയില്ല. കേസ് രാജിയാക്കിത്തീർക്കുന്നത് ഉപദ്രവം ഏറ്റുവാങ്ങേണ്ടി വന്ന വ്യക്തിയോ വ്യക്തികളോ ആണ്.

കോടതിയിൽ നിലവിലുള്ള കേസുകൾ, കോടതിയുടെ അനുവാദത്തോടു കൂടി പ്രോസിക്യൂട്ടർമാർക്ക് പിൻവലിക്കാം. സർക്കാർ നിർദേശപ്രകാരമാണ് ഇങ്ങനെ ചെയ്യുന്നത്.

◆

>> 3

## സിപിഎമ്മിന്റെ ന്യൂനപക്ഷസംരക്ഷണം ഒരു തമാശക്കഥ!

അതുതന്നെ 2006ലെ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ ബില്ലിലും ആവർത്തിച്ചു. അതും ഭരണഘടനയിൽ തട്ടിത്തന്നെ തകർന്നുവീണു. 2006 ജൂലൈ 19ന്, കോടതിവിധി പ്രതികൂലമായതിന്റെ പേരിൽ എസ്എഫ്ഐക്കാരുടെ വ്യാപകമായ അക്രമങ്ങൾക്കിരയായതു കേരളത്തിലെ ന്യൂനപക്ഷസ്ഥാപനങ്ങൾ മാത്രമായിരുന്നല്ലോ? ഏതു ന്യൂനപക്ഷത്തോടാണു സിപിഎമ്മുകാർ രാഷ്ട്രീയ ലക്ഷ്യത്തോടെയല്ലാതെ സഹിഷ്ണുത കാണിച്ചിട്ടുള്ളത്? ഏതു ന്യൂനപക്ഷ സ്ഥാപനത്തെയാണവർ സ്വതന്ത്രമായും സുരക്ഷിതമായും പ്രവർത്തിക്കാൻ അനുവദിച്ചിട്ടുള്ളത്? ന്യൂനപക്ഷാവകാശ ധ്വംസനത്തിന്റെ പേരിൽ കേരളത്തിലെ ന്യൂനപക്ഷസ്ഥാപനങ്ങൾ 1957 മുതൽ നാളിതുവരെ മുടങ്ങാതെ കോടതി കയറേണ്ടിവരുന്നത് സിപിഎമ്മിന്റെ സംരക്ഷണസുഖം അനുഭവിക്കുന്നതു കൊണ്ടല്ലേ?

വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രമല്ല, ആതുരശുശ്രൂഷാ കേന്ദ്രങ്ങളെയും ജീവകാരുണ്യപ്രസ്ഥാനങ്ങളെയും പോലും അവർ ആക്രമണത്തിൽ നിന്നൊഴിവാക്കാറുണ്ടോ? പ്രാർത്ഥനയും രോഗീശുശ്രൂഷയും മാത്രം സേവനമാക്കിയ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തോട് ചെയ്ത ക്രൂരത ആർക്കാണു മറക്കാൻ കഴിയുക? എല്ലാം കഴിഞ്ഞപ്പോൾ മാധ്യമപ്പടയുടെ അകമ്പടിയോടെ അവിടെയെത്തിയ സിപിഎം സെക്രട്ടറി പോലീസ് അതിക്രമത്തെ അപലപിച്ചതും ഓർമയുണ്ട്. ഒടുവിൽ സുപ്രീംകോടതി തന്നെയാണ് ധ്യാനകേന്ദ്രത്തിന്റെയും രക്ഷകനായത്.

മതസ്ഥാപനങ്ങൾക്കു നേരെ മാത്രമല്ല, മതാധ്യക്ഷന്മാരും സമുദായാചാര്യന്മാരും ഉൾപ്പെടെയുള്ള വ്യക്തികൾക്കും നേരെയും മാർക്സിസ്റ്റു നേതാക്കളും അവരുടെ കുട്ടിസഖാക്കളും ചൊരിയുന്ന ഭർത്സനങ്ങൾ എത്രയോ അപമാനകരമാണ്, വേദനാജനകമാണ്? മതാധ്യക്ഷന്മാർ നികൃഷ്ടജീവികളാണ്, അവരുടെ വാക്കുകൾ വിശുദ്ധ കള്ളങ്ങളാണ്. അവരുടെ ളോഹ അഴിമതിക്കുള്ള മറയാണ്. ളോഹധാരികളെ ചാട്ടവാറിനടിക്കണം, ഇന്റർചർച്ച് കൗൺസിൽ സെൻഹെദ്രീൻ സംഘമാണ്, അതിന്റെ അധ്യക്ഷൻ കയ്യാഫസാണ്, യേശുക്രിസ്തു ഇന്നു ജീവിച്ചിരുന്നെങ്കിൽ പോളിറ്റ് ബ്യൂറോ അംഗമായേനേ തുടങ്ങിയ ദുർമൊഴികൾ കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തെയാകെ മലീമസമാക്കിയില്ലേ ?



ഇതാണോ ന്യൂനപക്ഷ സംരക്ഷണം? കേരളത്തിലെ ന്യൂനപക്ഷങ്ങളെ, പ്രത്യേകിച്ചും ക്രൈസ്തവരെ ഇത്രയേറെ വേദനിപ്പിക്കുകയും മുറിവേല്പിക്കുകയും ചെയ്ത രാഷ്ട്രീയ പ്രസ്ഥാനം സിപിഎമ്മിനെപ്പോലെ മറ്റൊന്നില്ല. ഇന്ത്യയാകെ നോക്കുമ്പോൾ, വിശ്വഹിന്ദു പരിഷത്തും ബജ്റംഗദളും പോലെയുള്ള വർഗീയ സംഘടനകൾ അവരുടെ മൂർച്ച വരുത്തിയ കത്തികൾ ന്യൂനപക്ഷങ്ങളുടെ നെഞ്ചിനു നേരെയാണുയർത്തുന്നത് എന്ന കാര്യം മറക്കുന്നില്ല. മതസഹിഷ്ണുതയുടെയും മതേതരത്വത്തിന്റെയും മൂല്യങ്ങൾ ദുസ്സഹമായി കാണുന്ന അത്തരക്കാർ സ്വന്തം പല്ലും നഖങ്ങളും മൂടിവയ്ക്കുന്നില്ല. പക്ഷേ, സിപിഎം ആട്ടിൻതോലണിഞ്ഞ ചെന്നായുടെ വേഷത്തിലാണു സൗഹൃദത്തിനെത്തുന്നത്. ധൃതരാഷ്ട്രരെപ്പോലെ കപടസ്നേഹം കാട്ടിയാണ് ആലിംഗനം ചെയ്യുന്നത്. ഈ വൈരുധ്യാത്മക തമാശകൾക്കൊക്കെ ചരിത്രം തന്നെ അന്ത്യംകുറിക്കുമെന്നു പൂർവയൂറോപ്യൻ രാജ്യങ്ങൾ നമുക്കു പറഞ്ഞു തരുന്നു. അതാണൊരു പ്രതീക്ഷ; ആശ്വാസവും.

◆

CYAN MAGENTA YELLOW BLACK



# പോർവിളികൾക്കില്ല

## യുഡിഎഫ് കോട്ടയത്ത് മാതൃകയായി

കൂകിവിളിച്ചും പോരുവിളിച്ചും ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ കലാശക്കൊട്ട് സംഘടിപ്പിച്ച് കോട്ടയത്ത് യുഡിഎഫ് മാതൃകകാട്ടി. 14-ാം തീയതി രാവിലെ 11.30ന് ശാസ്ത്രി റോഡിലെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിൽ നിന്നും ആരംഭിച്ച് ഒരു മണിക്ക് ഗാന്ധിസ്ക്വയറിൽ സമാപിച്ച പ്രചാരണ റാലി ജനങ്ങളുടെ പ്രശംസ പിടിച്ചുപറ്റി.

തികഞ്ഞ അച്ചടക്കത്തോടെയായിരുന്നു യുഡിഎഫ് പ്രകടനം. ശാസ്ത്രി റോഡിൽ നിന്നും കളക്ട്രേറ്റും കെ.കെ. റോഡും കടന്ന് കെഎസ്ആർടിസി വഴി പ്രകടനം മുന്നോട്ടു നീങ്ങി. റോഡിന്റെ ഇരുവശത്തും കാത്തുനിന്ന യുവജനങ്ങളും സ്ത്രീകളും മുതിർന്നവരും സ്ഥാനാർത്ഥിക്ക് അനുഗ്രഹം ചൊരിഞ്ഞു. കോട്ടയം ഒരു മാറ്റം ആഗ്രഹിക്കുന്നു എന്നതിന്റെ സൂചനയായി മാറി പ്രകടനം. രണ്ടുവിരലുകൾ ഉയർത്തിക്കാണിച്ച് വിജയം ഉറപ്പിച്ച് സ്ഥാനാർത്ഥി



നീങ്ങിയപ്പോൾ പ്രവർത്തകർ ആവേശത്തോടെ ആർപ്പുവിളിച്ചു.

ബസുകളും വാഹനങ്ങളും തടയരുതെന്ന യുഡിഎഫ് നേതൃത്വത്തിന്റെ മുന്നറിയിപ്പ് പ്രവർത്തകർ അക്ഷരംപ്രതി പാലിച്ചു. ട്രാഫിക് നിയന്ത്രിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്കൊപ്പം യുഡിഎഫ് പ്രവർത്തകരും രംഗത്തുണ്ടായിരുന്നു.

ഗാന്ധിസ്ക്വയറിൽ, ജോസ് കെ.മാണി മഹാത്മാഗാന്ധിയുടെ പ്രതിമയിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി.

യുഡിഎഫ് നേതാക്കളായ ലതികാ സുഭാഷ്, അജയ് തറയിൽ, പി.എസ്. ബഷീർ, അസിം ജസ്ബി, അഡ്വ.ടി.വി. എബ്രഹാം, അഡ്വ.ജോയി എബ്രഹാം, നാട്ടകം സുരേഷ്, എൻ.എസ്.ഹരിച്ഛന്ദ്രൻ, ഫിലിപ്പ് ജോസഫ്, ജി.ഗോപകുമാർ, ബോബൻ തോപ്പിൽ, മോഹൻ കെ. നായർ, കെ.ആർ.ജി.നായർ, സണ്ണി കലൂർ, പി.പി.മുഹമ്മദ്കുട്ടി എന്നിവർ പ്രകടനത്തിന് നേതൃത്വം നല്കി.

### നുണപ്രചരണം

## സിപിഎം അപഹാസ്യരായി

കോട്ടയത്ത് ഇടതുമുന്നണിയുടെയും ബിജെപിയുടെയും തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ സമാപനത്തിനിടെ ഉണ്ടായ സംഘർഷവും ബിജെപി സ്ഥാനാർത്ഥിക്കെതിരായ ആക്രമണവും കേരളാ കോൺഗ്രസ് എമ്മും യുഡിഎഫും ആസൂത്രിതമായി നടത്തിയതാണെന്ന സിപിഎം നേതൃത്വത്തിന്റെ വാദം നുണപ്രചരണം മാത്രമാണെന്ന് തെളിഞ്ഞു.

സംഘർഷത്തിനിടെ ഉണ്ടായ കല്ലേറിൽ തലയ്ക്ക് പരുക്കുപറ്റിയ ബിജെപി സ്ഥാനാർത്ഥി അഡ്വ. നാരായണൻ നമ്പൂതിരി, തന്നെ ആക്രമിച്ചത് കണ്ടാലറിയാവുന്ന സിപിഎം പ്രവർത്തകരാണെന്ന് തുറന്നു പറഞ്ഞതോടെയാണ് സിപിഎമ്മിന്റെ പ്രചാരത്തിലെ പൊള്ളത്തരം വെളിവായത്. ബിജെപിയിലെ ഏതാനും നേതാക്കളും സിപിഎം ജില്ലാ നേതൃത്വവും നടത്തിയ ഗൂഢാലോചനയായിരുന്നു യുഡിഎഫിനും കേരളാ കോൺഗ്രസ് എമ്മിനുമെതിരായ നുണപ്രചരണം.

എന്നാൽ അക്രമം നടത്തിയവരെക്കുറിച്ച് വ്യക്തമായ വിവരം പോലീസിന് കൈമാറിയിട്ടും നടപടി സ്വീകരിക്കാൻ വൈമനസ്യം കാണിക്കുന്നത് സിപിഎം സംസ്ഥാന നേതൃത്വത്തിന്റെ കൂടി നിർദേശത്തെ തുടർന്നാണ്.

## കേരളത്തിൽ യുഡിഎഫിന് പൂർണ വിജയം : കെ. എം. മാണി

കേരളത്തിൽ യുഡിഎഫ് ഇരുപത് സീറ്റിലും വിജയിക്കുമെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം.മാണി പറഞ്ഞു. യുഡിഎഫ് സ്ഥനാർത്ഥി ജോസ് കെ.മാണിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ സമാപന റാലിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

യുഡിഎഫ് സ്ഥാനാർത്ഥികളുടെ വിജയം ഇടതുസർക്കാരിനുള്ള ജനങ്ങളുടെ മുന്നറിയിപ്പായിരിക്കും. മറ്റെങ്ങും കാണാത്ത തരത്തിലുള്ള ആവേശമാണ് യുഡിഎഫ് അണികളിൽ കാണാൻ കഴിയുന്നത്. കേരളമെമ്പാടും സർക്കാർ വിരുദ്ധ കൊടുങ്കാറ്റ് ആഞ്ഞടിക്കുകയാണ്. സാധാരണക്കാരന്റെ ജീവിതം വഴിമുട്ടിച്ച ഇടതുമന്ത്രിസഭയ്ക്കുള്ള താക്കീതായിരിക്കും തെരഞ്ഞെടുപ്പ് ഫലം.

മൻമോഹൻ സിംഗ് സർക്കാർ തുടരേണ്ടത് കേരളത്തെ വികസനത്തിലേക്കു നയിക്കാൻ അത്യാവശ്യമാണ്. 40,000 കോടി രൂപയുടെ വികസന പദ്ധതികൾ ഏറ്റുവാങ്ങിയശേഷം കേന്ദ്രസർക്കാരിനെ അപഹസിക്കുന്നത് കേരളത്തിന്റെ സംസ്കാരത്തിന് യോജിച്ച പ്രവൃത്തിയല്ലെന്നും കെ.എം.മാണി പറഞ്ഞു.

>> 4

## ദേവാലയം ജനപ്രതിനിധികൾക്കും മേൽക്കൂര

അന്നേ ദിവസം തന്നെ, ജൂൺ ഒൻപതാം തീയതി നടക്കുന്ന ഔദ്യോഗിക ഉദ്ഘാടന ചടങ്ങിന് വിശുദ്ധ കുർബാനയും മറ്റു ചടങ്ങുകളും ഉണ്ടായിരിക്കണമെന്നും നഗരസഭ തീരുമാനിച്ചു. ദേവാലയത്തിലെ ചടങ്ങുകൾ വളരെ ലളിതമായിരുന്നെങ്കിലും ജനപ്രതിനിധികളുടെ മുഴുവൻ സാന്നിധ്യവും ആവശ്യവും പ്രസക്തിയും ഏറെ ശക്തമായി തെളിയിക്കുകയും ചെയ്തു.

അനവധി രാഷ്ട്രീയ സംഭവ പരമ്പരകൾക്ക് ജർമനി സാക്ഷ്യം വഹിച്ച കാലഘട്ടമായിരുന്നു 1848. പൗരാവകാശങ്ങൾക്ക് വേണ്ടി ജനകീയ പ്രകടനങ്ങളും കൂടാതെ പ്രസിദ്ധമായ മാർച്ച് വിപ്ലവവും അരങ്ങേറി. ജനാധിപത്യപരമായി ജർമനിയിൽ ആദ്യമായി ഒരു പൊതുതെരഞ്ഞെടുപ്പ് വഴി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു ജനകീയ പാർലമെണ്ടിന് രൂപം കൊടുക്കാൻ തീരുമാനിച്ചു.

1848 മാർച്ച് 31 മുതൽ ഏപ്രിൽ മൂന്നുവരെ വിശുദ്ധ പൗലോസിന്റെ ദേവാലയത്തിൽ അഖില ജർമൻ ദേശീയ അസംബ്ലി കൂടുന്നതിനെപ്പറ്റിയുള്ള പ്രാരംഭകൂടിയാലോചനകൾ നടന്നു. 1848 മെയ് പതിനെട്ടാം തീയതി ജർമനിയിലാദ്യമായി പൊതുതെരഞ്ഞെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ സർവ ജർമൻ ദേശീയ പാർലമെണ്ട്-അഥവാ "പൗലോസ് ദേവാലയ പാർലമെണ്ട്" എന്നറിയപ്പെട്ട ദേശീയ അസംബ്ലിക്ക് വിശുദ്ധ പൗലോസിന്റെ നാമത്തിലുള്ള ദേവാലയം വേദിയായി. അതിനുശേഷം 49 വിവിധ സമ്മേളനങ്ങൾ ഒരുവർഷത്തിനകം

**രാഷ്ട്രീയമായും സാമൂഹ്യമായും മതപരമായും അനവധി കാലവസ്ഥാമാറ്റങ്ങൾ ജർമനിയൊട്ടാകെ തുടർച്ചയായി സംഭവിച്ചുകൊണ്ടിരുന്നു. രാഷ്ട്രീയമായി പറഞ്ഞാൽ, ഫ്രാങ്ക്ഫർട്ടിലുണ്ടായിരുന്ന ക്രിസ്ത്യൻ പുരോഹിതരിലേറെപ്പേരും ദേശീയ ജർമൻ ചേരിയിലായിരുന്നു. ക്രിസ്ത്യൻ വിരോധവും അധാർമിക ചിന്തകളും ദൈവവിരോധ പ്രവർത്തനങ്ങളും സദാചാര വിരുദ്ധ പ്രവൃത്തികളും സമൂഹത്തിൽ വർധിച്ചുകൊണ്ടിരുന്നു. ഇതിന് നേതൃത്വവും പിന്തുണയും കൊടുത്തിരുന്നത് കമ്യൂണിസ്റ്റ് നേതൃത്വവും സോഷ്യലിസ്റ്റ് വാദികളുമായിരുന്നു. "സ്വാതന്ത്ര്യത്തിന്റെ പ്രതീകമെന്നും ജർമൻ ജനാധിപത്യത്തിന്റെ തൊട്ടിൽ" എന്നും വിശേഷിപ്പിക്കപ്പെടുന്ന "ഫ്രാങ്ക്ഫർട്ടർ പൗൾസ് കായ്ർഹെ" (വിശുദ്ധ പൗലോസിന്റെ ദേവാലയം) ഇന്ന് ഒരു ദേശീയ സ്മാരകമാണ്.**



*സെന്റ് പോൾസ് ചർച്ചിന്റെ അകത്തളം*

ഈ ദേവാലയത്തിൽവച്ച് കൂടുകയുണ്ടായി.

രാഷ്ട്രീയമായും സാമൂഹ്യമായും മതപരമായും അനവധി കാലാവസ്ഥാമാറ്റങ്ങൾ ജർമനിയൊട്ടാകെ തുടർച്ചയായി സംഭവിച്ചുകൊണ്ടിരുന്നു. രാഷ്ട്രീയമായി പറഞ്ഞാൽ, ഫ്രാങ്ക്ഫർട്ടിലുണ്ടായിരുന്ന ക്രിസ്ത്യൻ പുരോഹിതരിലേറെപ്പേരും ദേശീയ ജർമൻ ചേരിയിലായിരുന്നു. ക്രിസ്ത്യൻ വിരോധവും അധാർമിക ചിന്തകളും ദൈവവിരോധ പ്രവർത്തനങ്ങളും സദാചാര വിരുദ്ധ പ്രവൃത്തികളും സമൂഹത്തിൽ വർധിച്ചുകൊണ്ടിരുന്നു. ഇതിന് നേതൃത്വവും പിന്തുണയും കൊടുത്തിരുന്നത് കമ്യൂണിസ്റ്റ് നേതൃത്വവും സോഷ്യലിസ്റ്റ് വാദികളുമായിരുന്നു.

"സ്വാതന്ത്ര്യത്തിന്റെ പ്രതീകമെന്നും ജർമൻ ജനാധിപത്യത്തിന്റെ തൊട്ടിൽ" എന്നും വിശേഷിപ്പിക്കപ്പെടുന്ന "ഫ്രാങ്ക്ഫർട്ടർ പൗൾസ് കായ്ർഹെ" (വിശുദ്ധ പൗലോസിന്റെ ദേവാലയം) ഇന്ന് ഒരു ദേശീയ സ്മാരകമാണ്.

1998ൽ ചേർന്ന അഖില ജർമൻ ദേശീയ സമ്മേളനത്തിൽ ഈ ദേവാലയം ജർമനിയുടെ ദേശീയ ഐക്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതീകമായി പ്രഖ്യാപിക്കപ്പെട്ടു. മതവും രാഷ്ട്രവും രാഷ്ട്രീയവും ജനാധിപത്യവും ഒരിക്കലും വേർപെട്ടിട്ടില്ല. ജനപ്രതിനിധികൾക്ക് ഒരു മേൽക്കൂരയായി ജനാധിപത്യത്തിന് വഴികാട്ടിയായി, സെന്റ് പോൾസ് ചർച്ച് തലയുയർത്തിനില്ക്കുന്നു. ❐

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



സമകാലികം

ബോബി കെ. മാത്യു

# വരുൺ ഗാന്ധി, ദയവായി ഒരു നിമിഷം

പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിന് കാഹളം മുഴക്കിയപ്പോൾ ഭാരതീയ ജനതാ പാർട്ടി ആശയക്കുഴപ്പത്തിൽ എത്തി. തീവ്രഹിന്ദുത്വമാണോ മൃദു ഹിന്ദുത്വമാണോ കൂടുതൽ മെച്ചമെന്ന ആകംക്ഷ. ഇന്ത്യൻ രാഷ്ട്രീയത്തിൽ വലിയ സംവാദത്തിന് ഏർപ്പെടുന്നതിനു മുമ്പ് തന്നെ ബിജെപി തീവ്രഹിന്ദുത്വമാണ് ഉചിതമെന്ന നിഗമനത്തിൽ എത്തി. പിന്നീട് സംഭവിച്ച രാഷ്ട്രീയ പ്രശ്നങ്ങൾ നരേന്ദ്ര മോഡിയിലും വരുൺ ഗാന്ധിയിലും ബിജെപി പ്രധാനമന്ത്രി സ്ഥാനാർത്ഥി എൽ.കെ.അഡ്വാനിയിലും എത്തി. ആരാണ് ഏറ്റവും വലിയ ഹിന്ദുതീവ്രവാദിയെന്ന പരീക്ഷണത്തിലായിരുന്നു ബിജെപി നേതൃനിരയിലെ വിവിധ വിഭാഗങ്ങൾ ഏർപ്പെട്ടത്.

എൽ.കെ.അഡ്വാനി ബാബരി മസ്ജിദ് തകർത്ത് 'ലോഹ'പുരുഷനായി മാറിക്കഴിഞ്ഞിരുന്നു. രാമക്ഷേത്രം നിർമിക്കുമെന്ന് പറഞ്ഞ് അഡ്വാനി പ്രധാനമന്ത്രിപദം ഉറപ്പിച്ചുകഴിഞ്ഞു. ഗുജറാത്തിൽ മുസ്ലീം ജനസാമാന്യത്തെ കൂട്ടക്കൊല നടത്തി ഹിറ്റ്ലറിന്റെ പദവിയിലേക്ക് ഉയർന്ന മോഡി, അഡ്വാനിക്ക് ഈ തെരഞ്ഞെടുപ്പിൽ ഭീഷണിയാകാതെ ശ്രദ്ധിക്കാൻ അഡ്വാനിപക്ഷം പ്രത്യേകം ശ്രമം നടത്തി. ഇതിലൊന്നും പങ്കുചേരാത്ത ബിജെപി പ്രസിഡണ്ട് രാജ്നാഥ്സിംഗ് ഇരുവർക്കുമെതിരേ നവആയുധമെന്ന നിലയിൽ വരുൺ ഗാന്ധിയുടെ മുസ്ലീംവിരുദ്ധ പ്രസ്താവനയെ ഉയർത്തിപ്പിടിച്ചു.

നെഹ്റു കുടുംബത്തിലെ ഒരംഗമായ വരുൺഗാന്ധി ബിജെപി കക്ഷിയിൽ അംഗമായതും ഇന്ത്യയിലെ മുസ്ലീം സമുദായത്തെ പാകിസ്ഥാനിലേക്ക് അടിച്ചോടിക്കണമെന്ന് പ്രസ്താവന നടത്തിയതും കുടുംബപാരമ്പര്യത്തെ അവഹേളിക്കുന്നതിനു തുല്യമായി. നേതാവാകാനുള്ള ശ്രമത്തിനിടയിൽ താൻ ചെയ്യുന്ന കാര്യങ്ങൾ ഇന്ത്യയെന്ന മഹത്തായ രാജ്യത്തെയും തന്റെ കുടുംബം പുലർത്തിയ ഉന്നത മൂല്യങ്ങളെയും കളങ്കപ്പെടുത്തുന്നവയാണെന്ന് ഓർക്കേണ്ടിയിരുന്നു.

ദേശീയ പ്രസ്ഥാന കാലത്തും ബ്രിട്ടീഷ് ഭരണകാലത്തും ഇന്ത്യയിലെ ന്യൂനപക്ഷ സമുദായ അംഗങ്ങൾ പീഡിപ്പിക്കപ്പെട്ടപ്പോൾ അവർക്കുവേണ്ടി വാദിക്കാൻ ജവഹർലാൽ നെഹ്റുവും കോൺഗ്രസ് നേതാക്കളും ഉണ്ടായിരുന്നു. അവരാരും മുസ്ലീങ്ങൾ ആയിരുന്നില്ല. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭകാലത്ത് ഗാന്ധിജി മുസ്ലീം സമുദായത്തെ മുഖ്യധാരയിലേക്ക് എത്തിക്കാൻ ഖിലാഫത്ത് പ്രസ്ഥാനം ഇന്ത്യയിലാകമാനം രൂപപ്പെടുത്തിയപ്പോൾ അതിന്റെ ആശയങ്ങളോടൊപ്പം സഞ്ചരിക്കാൻ ജവഹർലാൽ നെഹ്റു ഉണ്ടായിരുന്നു.



**ഇന്ത്യയുടെ ഹൃദയത്തിൽ ഇന്നും ചേർന്നു നില്ക്കുന്ന കുടുംബമാണ് നെഹ്റു കുടുംബം. ഈ കുടുംബത്തിലെ രണ്ട് അംഗങ്ങളുടെ ജീവൻ തന്നെ നമ്മുടെ രാജ്യത്തിനു വേണ്ടിയാണ് അർപ്പിക്കപ്പെട്ടത്. മോത്തിലാൽ നെഹ്റുവിന്റെ കാലം മുതൽ ഇന്ത്യയെന്ന വികാരത്തെ ആത്മാവിൽ സൂക്ഷിച്ചവരാണ് നെഹ്റുവിന്റെ കുടുംബം. നെഹ്റു രാഷ്ട്രീയത്തിലിറങ്ങാൻ ആഗ്രഹിച്ചപ്പോൾ മോത്തിലാൽ പറഞ്ഞത് ഇന്ത്യ മുഴുവൻ സഞ്ചരിച്ച് ജനങ്ങളെ അറിയുക എന്നാണ്. അങ്ങനെ നെഹ്റു ഇന്ത്യ മുഴുവൻ സന്ദർശിച്ച് ജനകീയ സമരങ്ങളിൽ ഇടപെട്ടു.**

● ● ● ● ● ● ● ● ● ● ● ● ● ● ● ● ●

കോൺഗ്രസിന്റെ ചരിത്രത്തിലെ കറുത്ത അധ്യായമായ അടിയന്തിരാവസ്ഥയെ ജനദ്രോഹകരമാക്കി മാറ്റി ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ കൂടുതൽ ജനവിരുദ്ധമാക്കിയത് വരുൺ ഗാന്ധിയുടെ പിതാവ് സഞ്ജയ് ഗാന്ധി ആണ്. വരുൺ ഗാന്ധിയുടെ വിവാദ പ്രസ്താവന പുറത്തായതിനുശേഷം ഇന്ത്യയിലെ മുഖ്യധാരാ പത്രങ്ങളിൽ വന്ന വിലയിരുത്തുകളിൽ മുഖ്യം, അടിയന്തിരാവസ്ഥക്കാലത്ത് ഡൽഹിയിലെ ദരിദ്രരായ മുസ്ലീങ്ങൾ അധിവസിക്കുന്ന ചേരികൾ ഇടിച്ചുനിരത്തിയ സഞ്ജയ്ഗാന്ധിയുടെ നടപടിയായിരുന്നു. അതിന്റെ കാരണം സഞ്ജയിന്റെ മുസ്ലീം വിരോധമായിരുന്നുവെന്നും ഇതിന് ചുക്കാൻ പിടിച്ച ജഗ്മോഹൻ ഇന്ന് ബിജെപിയുടെ മുഖ്യ നായകനാണെന്നും ഈ വിമർശകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പിതൃപാരമ്പര്യം പേറുന്ന വരുൺ ഗാന്ധിയുടെ പെരുമാറ്റത്തിലും വാക്കിലും അദ്ഭുതപ്പെടാൻ യാതൊരവകാശവും ഇല്ലെന്ന് വിമർശകർ കൂട്ടിച്ചേർക്കുന്നു.

ഇന്ത്യയുടെ ഹൃദയത്തിൽ ഇന്നും ചേർന്നു നില്ക്കുന്ന കുടുംബമാണ് നെഹ്റു കുടുംബം. ഈ കുടുംബത്തിലെ രണ്ട് അംഗങ്ങളുടെ ജീവൻ തന്നെ നമ്മുടെ രാജ്യത്തിനു വേണ്ടിയാണ് അർപ്പിക്കപ്പെട്ടത്. മോത്തിലാൽ നെഹ്റുവിന്റെ കാലം മുതൽ ഇന്ത്യയെന്ന വികാരത്തെ ആത്മാവിൽ സൂക്ഷിച്ചവരാണ് നെഹ്റുവിന്റെ കുടുംബം. നെഹ്റു രാഷ്ട്രീയത്തിലിറങ്ങാൻ ആഗ്രഹിച്ചപ്പോൾ മോത്തിലാൽ പറഞ്ഞത് ഇന്ത്യ മുഴുവൻ സഞ്ചരിച്ച് ജനങ്ങളെ അറിയുക എന്നാണ്. അങ്ങനെ നെഹ്റു ഇന്ത്യ മുഴുവൻ സന്ദർശിച്ച് ജനകീയ സമരങ്ങളിൽ ഇടപെട്ടു.

ബ്രിട്ടീഷ് രാജിനെതിരെ അണിനിരക്കുന്നതിനായി ഒരു അധ്യാപകനെപ്പോലെ തന്നെ ജനങ്ങളെ ബോധവത്ക്കരിച്ചു. പിന്നീടാണ് നെഹ്റു ഇന്ത്യയിലെ ജനകോടികളുടെ നായകനായി മാറിയത്. അല്ലാതെ മുസ്ലീം വിരുദ്ധ പ്രസ്താവന നടത്തി ജയിലിൽ പോയല്ല. ജവഹർലാൽ നെഹ്റുവും വരുൺ ഗാന്ധിയും ജയിലിൽ പോയിട്ടുണ്ട്. ഇരുവരും ദേശീയ സുരക്ഷാ നിയമപ്രകാരമാണ് അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. രണ്ടുപേരുടെയും അറസ്റ്റിന്റെ കാരണം മാത്രം വ്യത്യസ്തം.

നെഹ്റുവിന്റെ ജീവചരിത്രകാരനായ എസ്.ഗോപാൽ തന്റെ പുസ്തകത്തിൽ എഴുതുന്നു. "കാശ്മീരി ബ്രാഹ്മണ സമുദായം മറ്റ് ഹിന്ദുക്കളിൽ നിന്ന് അവരെ വേർതിരിച്ച് നിർത്തുന്ന ചില നേട്ടങ്ങളും സ്വഭാവികമായി തന്നെ അനുഭവിച്ചു പോന്നിരുന്നു. കാശ്മീരിലെ ഹിന്ദുക്കൾക്കിടയിൽ ബ്രാഹ്മണന് താഴെ മറ്റ് ജാതികളുണ്ടായിരുന്നില്ല. അതിനാൽ പണ്ഡിറ്റുകൾ സ്വന്തം നിലയെപ്പറ്റി വളരെ ബോധവാന്മാർ ആയിരുന്നെങ്കിലും ജാതിസ്പർധ അവരുടെ ജീവിതത്തിൽ ആഴത്തിൽ ഇറങ്ങിയിരുന്നില്ല. കാശ്മീരി പണ്ഡിറ്റുകൾക്കിടയിൽ മുസ്ലീങ്ങളിൽ നിന്ന് തങ്ങൾ വ്യത്യസ്തരാണെന്ന ബോധവും കുറവായിരുന്നു. മോത്തിലാൽ നെഹ്റുവിന് ഇന്ത്യൻ ഭാഷകളെക്കാൾ പ്രാവീണ്യം അറബി, പേർഷ്യൻ, ഉർദു ഭാഷകളിലായിരുന്നു. നെഹ്റു കുടുംബത്തിന്റെ ഭാഗ്യം തലമുറകളായി മുസ്ലീം രക്ഷാധികാരികളുമായി ബന്ധപ്പെട്ടിരിക്കുന്നു".

ഈ പാരമ്പര്യത്തെ തച്ചുടച്ചാണ് വരുൺ ഗാന്ധി അഡ്വാനിയെക്കാൾ വലിയ ആർഎസ്എസുകാരനാവാൻ ശ്രമിക്കുന്നത്. ഇനിയെങ്കിലും വരുൺ ഗാന്ധി, തെറ്റുതിരുത്തുകയാണ് വേണ്ടത്. അഡ്വാനിയുടെ രഥയാത്ര വർഷങ്ങൾക്ക് മുമ്പ് പാലക്കാട് എത്തിയപ്പോൾ ഉണ്ടായ ലഹളയിൽ വെടിവയ്പ്പുണ്ടാവുകയും സിറാജുന്നിസ എന്ന മുസ്ലീം ബാലിക കൊല്ലപ്പെടുകയും ചെയ്തു. കഴിഞ്ഞ ഏപ്രിൽ 13ന് രാഹുൽ ഗാന്ധി പാലക്കാട് എത്തിയപ്പോൾ അഫ്സൽ എന്ന ബാലനെ ആൾക്കൂട്ടത്തിൽ നിന്ന് ഉയർത്തിപ്പിടിച്ച് കോൺഗ്രസ് സ്ഥാനാർത്ഥികൾക്കായി വോട്ട് അഭ്യർത്ഥിക്കുന്ന ചിത്രം കേരളീയരുടെ മനസ്സിലുണ്ട്.

നെഹ്റു കുടുംബത്തിലുണ്ടായ മറ്റൊരു പ്രതിസന്ധി ഇന്ദിരയുടെയും ഫിറോസിന്റെയും വിവാഹം ആയിരുന്നു. വിവാഹ നിശ്ചയ വാർത്ത പുറത്തുവന്നപ്പോൾ ഹൈന്ദവ പാഴ്സി സമുദായത്തിലെ പ്രമാണിമാർ പ്രകോപിതരായി. നെഹ്റു കുടുംബത്തിലെ കാരണവരുടെ സ്ഥാനമുള്ള ഗാന്ധിക്കും നെഹ്റുവിനും ഇതിനെതിരേ നിരവധി കത്തുകൾ കിട്ടിയിരുന്നു. ഭീഷണിക്കത്തുകൾ പോലുമുണ്ടായിരുന്നു. എന്നാൽ നെഹ്റു നടത്തിയ പ്രസ്താവന ഇപ്രകാരമായിരുന്നു. "വിവാഹം വ്യക്തിപരവും കുടുംബപരവുമായ കാര്യമാണ്. ഇത്തരം കാര്യങ്ങളിൽ മാതാപിതാക്കൾ ഉപദേശിക്കേണ്ടതുണ്ടെങ്കിലും അവസാനമായി തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട ഇരുവരുമാണ്". പഞ്ചാബ് പ്രശ്നത്തിൽ ഇന്ദിരാഗാന്ധിയുടെ തീരുമാനം സിക്ക് സമുദായത്തെ പ്രകോപിപ്പിച്ചിരിക്കുന്നതിനാൽ ഇന്ദിരാഗാന്ധിയുടെ സുരക്ഷാ ചുമതലയിൽ നിന്ന് സിക്കുകാരെ മാറ്റണമെന്ന് ഇന്റലിജൻസ് നിർദ്ദേശിച്ചിട്ടും ഇന്ദിര അതിന് തയ്യാറാവാതിരുന്നത് നെഹ്റു കുടുംബത്തിന്റെ പാരമ്പര്യമാണ് വെളിവാക്കുന്നത്. രാജീവിന്റെ മരണവും ഈ രാജ്യത്തിനു വേണ്ടിയായിരുന്നു.

വിലയ്ക്ക് വാങ്ങാൻ കിട്ടാത്ത പാരമ്പര്യത്തെയും അടിസ്ഥാന മൂല്യങ്ങളെയും കേവലം രാഷ്ട്രീയ ലാഭങ്ങൾക്കായി വരുൺഗാന്ധി വിറ്റഴിക്കുമ്പോൾ പുതിയ തലമുറയിലെ പ്രിയങ്ക ഗാന്ധി പറഞ്ഞത് ഭഗവദ്ഗീത വായിച്ചിരുന്നെങ്കിൽ വരുൺ ഗാന്ധി നീചമായ അഭിപ്രായ പ്രകടനം നടത്തുമായിരുന്നില്ല എന്നാണ്. ജവഹർലാൽ നെഹ്റു തന്റെ ജയിൽവാസക്കാലത്താണ് ഇന്നും ലോകമെങ്ങും വൻതോതിൽ വിറ്റഴിക്കപ്പെടുന്ന 'വിശ്വചരിത്രാവലോകനം' എന്ന വിഖ്യാത ഗ്രന്ഥം രചിക്കുന്നത്. വരുൺ ഗാന്ധി തീവ്രവാദിത്വം ഉയർത്തിപ്പിടിച്ച് ലഹള സൃഷ്ടിച്ച് നേതാവാകാനാണ് ആഗ്രഹിക്കുന്നതെങ്കിൽ പേരിനോടൊപ്പമുള്ള 'ഗാന്ധി' എന്ന ഭാഗം ഒഴിവാക്കുക. അല്ലെങ്കിൽ 'ഡ്യൂപ്ലിക്കേറ്റ് ഗാന്ധി'യായി നിങ്ങൾ അറിയപ്പെടും. ❐

**വിലയ്ക്ക് വാങ്ങാൻ കിട്ടാത്ത പാരമ്പര്യത്തെയും അടിസ്ഥാന മൂല്യങ്ങളെയും കേവലം രാഷ്ട്രീയ ലാഭങ്ങൾക്കായി വരുൺഗാന്ധി വിറ്റഴിക്കുമ്പോൾ പുതിയ തലമുറയിലെ പ്രിയങ്ക ഗാന്ധി പറഞ്ഞത് ഭഗവദ്ഗീത വായിച്ചിരുന്നെങ്കിൽ വരുൺ ഗാന്ധി നീചമായ അഭിപ്രായ പ്രകടനം നടത്തി ജയിൽ വാസം വരിക്കുമായിരുന്നില്ല എന്നാണ്. ജവഹർലാൽ നെഹ്റു തന്റെ ജയിൽവാസക്കാലത്താണ് ഇന്നും ലോകമെങ്ങും വൻതോതിൽ വിറ്റഴിക്കപ്പെടുന്ന 'വിശ്വചരിത്രാവലോകനം' എന്ന വിഖ്യാത ഗ്രന്ഥം രചിക്കുന്നത്. വരുൺ ഗാന്ധി തീവ്രവാദിത്വം ഉയർത്തിപ്പിടിച്ച് ലഹള സൃഷ്ടിച്ച് നേതാവാകാനാണ് ആഗ്രഹിക്കുന്നതെങ്കിൽ പേരിനോടൊപ്പമുള്ള 'ഗാന്ധി' എന്ന ഭാഗം ഒഴിവാക്കുക. അല്ലെങ്കിൽ 'ഡ്യൂപ്ലിക്കേറ്റ് ഗാന്ധി'യായി നിങ്ങൾ അറിയപ്പെടും.**

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



## സിപ്പിയങ്കിളും കൂട്ടുകാരും

# വിധിയോട് പടപൊരുതിയവർ

*പ്രിയ കൂട്ടുകാരേ,*

" ഭൂമിയിൽ നാം ജീവിച്ചിരുന്നു എന്നതിന് എന്തെങ്കിലും ഒരടയാളം വേണം" എന്ന് ഹെലൻ കെല്ലർ ഒരിക്കൽ പറയുകയുണ്ടായി. ആരാണീ ഹെലൻ കെല്ലർ? നിങ്ങൾക്കറിയാമോ?

ഒന്നേകാൽ നൂറ്റാണ്ടുമുമ്പ് അമേരിക്കയിലെ 'ആലബാമ'യിൽ പിറന്ന ഒരു പെൺകുഞ്ഞാണ് ഹെലൻ കെല്ലർ. രണ്ടാം പിറന്നാൾ ആഘോഷിക്കും മുമ്പേ ദുർവിധി ആ കുഞ്ഞിന്റെ കാഴ്ചശക്തിയും കേൾവിശക്തിയും തട്ടിയെടുത്തു. പക്ഷേ, ഹെലൻ പതറിയില്ല. വിധിയെ തോല്പിച്ചുകൊണ്ട് അവൾ പടിപടിയായി വളർന്നു. അങ്ങനെ അന്ധരുടെയും ബധിരരുടെയും ചരിത്രത്തിലെ ആദ്യത്തെ ബിരുദധാരി എന്ന ബഹുമതി നേടിയെടുത്തു. ശാസ്ത്രജ്ഞനായ അലക്സാണ്ടർ ഗ്രഹാം ബെല്ലും സാഹിത്യകാരനായ മാർക്ട്വയിനും അമേരിക്കൻ പ്രസിഡണ്ടായിരുന്ന റൂസ്‌വെൽട്ടുമൊക്കെ അവളുടെ ഉറ്റചങ്ങാതിമാരായി മാറി. മാത്രമോ? ചലച്ചിത്ര ലോകത്തിലെ പരമോന്നത ബഹുമതിയായ ഓസ്കാർ അവാർഡിനും അവൾ അർഹയായി.

ലോകമെമ്പാടും ചുറ്റി സഞ്ചരിച്ച് ഹെലൻ കെല്ലർ എന്ന ധീരവനിത വെളിച്ചത്തിന്റെ ആയിരം പൂക്കൾ വിരിയിച്ചു. വികലാംഗയായ ഹെലൻ തന്റെ ജീവിതം പൂർണമായും വികലാംഗക്ഷേമത്തിനുവേണ്ടി സമർപ്പിച്ചു. "ലോകത്തെ ഏറ്റവും മനോഹരമായ കാഴ്ചകൾ ആസ്വദിക്കാൻ കണ്ണോ കൈയോ വേണ്ട; ഹൃദയം മാത്രം മതി" എന്നവർ ലോകത്തെ പഠിപ്പിച്ചു.

സ്വന്തം പ്രവൃത്തിയിലൂടെ ഇങ്ങനെ ഒരു മുദ്രപതിപ്പിക്കുമ്പോഴാണ് ഒരു വ്യക്തി ഈ ഭൂമിയിൽ ജീവിച്ചിരുന്നു എന്ന് മറ്റുള്ളവർ മനസ്സിലാക്കുന്നത്.

'പാരഡൈസ് ലോസ്റ്റ്' എന്ന ശ്രേഷ്ഠമായ മഹാകാവ്യം രചിച്ച പ്രസിദ്ധ ആംഗല കവിയാണ് ജോൺ മിൽട്ടൺ. വിഖ്യാതമായ ആ കാവ്യം രചിക്കുമ്പോൾ മിൽട്ടൺ തികച്ചും അന്ധനായിരുന്നു. വിധിയുടെ ക്രൂരതയെ വകവയ്ക്കാതെ അദ്ദേഹം സ്വന്തം തൂലിക കൊണ്ട് ലോകത്തിന്റെ നെറുകയിൽ മുദ്രപതിപ്പിച്ചു. ഗ്രീക്ക് ഇതിഹാസങ്ങളായ 'ഒഡീസിയും 'ഇലിയഡും' രചിച്ച യുഗപുരുഷനായ ഹോമറും അന്ധതയുടെ ലോകത്തിലായിരുന്നു. പക്ഷേ അതുകൊണ്ടെന്ത്? കാലം ചെല്ലുന്തോറും അദ്ദേഹത്തിന്റെ രചനകളുടെ തിളക്കം കൂടിക്കൂടി വരികയാണ്.

നമ്മളും നമുക്കു കിട്ടിയ ജന്മസിദ്ധമായ ടാലന്റുകൾ തിളക്കമുള്ളവയാക്കിത്തീർക്കാൻ തളരാതെ പരിശ്രമിക്കുക.

സസ്നേഹം

**സിപ്പിയങ്കിൾ**

കഥ

# വാലുമുറിഞ്ഞ കുരങ്ങൻ



ഒരു വലിയ പട്ടണത്തിനു സമീപം പ്രസിദ്ധമായൊരു ക്ഷേത്രമുണ്ടായിരുന്നു. കാലപ്പഴക്കം കൊണ്ട് അതിന്റെ മേൽപ്പുര കൂടി തകർന്നുവീണു. ആശാരിമാർ അത് പുതുക്കി പണിയുവാൻ മരത്തടികളുമായി വന്നെത്തി. ആപ്പുവെച്ച് അവർ മരം പണിത്തരമാക്കാൻ ഈർ മുറിച്ചുകൊണ്ടിരുന്നു. പകുതിയോളം പിളർന്നു.

നേരം ഉച്ചയായി. അവർ പണിയായുധങ്ങൾ താഴെവച്ച് ആപ്പു മുറുക്കി ഭക്ഷണത്തിനായി സ്ഥലം വിട്ടു. ആ സമയത്താണ് കുറെ കുരങ്ങന്മാർ കൂട്ടംകൂട്ടമായി അവിടെയെത്തിയത്. പകുതി ഈർന്നുമുറിച്ച മരത്തിനു മുകളിൽ കയറിയിരുന്ന് ഒരു കുരങ്ങൻ ആപ്പിളക്കുവാൻ തുടങ്ങി. പകുതി പിളർന്നിരുന്ന മരത്തിന്റെ വിള്ളലിൽ തന്റെ വാൽ പെട്ടിരിക്കുന്ന കഥ ആ പാവം കുരങ്ങൻ അറിഞ്ഞിരുന്നില്ല.

ആകാവുന്ന ശക്തിയിൽ അവൻ ആപ്പിളക്കിത്തുടങ്ങി. അതിളകി തെറിച്ചതോടെ കുരങ്ങന്റെ വാൽ അതിനകത്തായി. നിലവിളിച്ചുകൊണ്ട് കുതിച്ചുചാടിയപ്പോൾ വാൽ മുറിഞ്ഞു. അന്നുമുതൽ അവൻ വാലില്ലാ കുരങ്ങനായി.

✱

ബാലനോവൽ 10

## സ്വർണ്ണവിളക്ക്

അന്തീനാട് ജോസ്

"അയ്യോ, കൊല്ലല്ലേ" അവൻ അറിയാതെ നിലവിളിച്ചു പോയി.

ഞെട്ടിത്തിരിഞ്ഞു നോക്കിയപ്പോൾ ഒരു കാട്ടു മനുഷ്യൻ അവന്റെ കഴുത്തിൽ പിടിമുറുക്കിയിരിക്കുന്നതാണ് അവൻ കണ്ടത്.

'ശബ്ദിക്കരുത്'! അയാൾ അലറി. അതുംകൂടി കേട്ടപ്പോൾ അവന്റെ പകുതി ജീവൻ നഷ്ടപ്പെട്ടു.

'നടക്കെടാ', ആ ഭീകരൻ അവനെയും കൊണ്ട് മറ്റൊരു മുറിയിലേക്ക് നടന്നു. അവിടമാകെ ഇരുട്ടു കട്ടപിടിച്ചു കിടക്കുകയായിരുന്നു.

പെട്ടെന്ന് എവിടെ നിന്നോ വന്ന ഒരു സംഘം ഭീകരന്മാർ കത്തുന്ന പന്തങ്ങളുമായി അവനു ചുറ്റും നിലയുറപ്പിച്ചു.

ലാവോസിന് തലചുറ്റുന്നതായി തോന്നി. എന്തൊരു കെണിയിലാണ് താൻ വന്നു വീണിരിക്കുന്നത്. രക്ഷപെടാൻ വേണ്ടി ചെയ്യുന്ന ഓരോ പ്രവൃത്തിയും കൂടുതൽ കൂടുതൽ നാശത്തിലേക്കു ചെന്നു വീഴുകയാണ്.

ആ ചുവരിൽ ഒന്നു തള്ളിനോക്കാൻ ശ്രമിച്ചതു വലിയ അബദ്ധമായിപ്പോയെന്ന് അവനു തോന്നി. ആ ലോഹത്തകിട് തറയിലേക്കു വീണതാണ് എല്ലാ കുഴപ്പത്തിനും കാരണം. ചെറിയൊരു സുഷിരം അവിടെ കണ്ടെത്തിയിരുന്നു. അതുവഴി പുറത്തേയ്ക്കു കടക്കാം എന്നായിരുന്നു ലാവോസിന്റെ കണക്കുകൂട്ടൽ.

ലാവോസ് നിന്നു വിയർത്തു. ഇത്തവണ അവരെന്തോ കരുതിക്കൂട്ടിയാണ് വന്നിരിക്കുന്നതെന്ന് അവനു തോന്നി. ഇനി ഒന്നും ഓർത്തു വിഷമിച്ചിട്ടു കാര്യമില്ല. വരുന്നതെന്തും അനുഭവിക്കുക തന്നെ.

അവർ അവനു മനസ്സിലാകാത്ത ഏതോ ഭാഷയിൽ അന്യോന്യം എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരുന്നു. അതിന്റെയൊന്നും പൊരുൾ അവനു തെല്ലും മനസ്സിലായില്ല.

അവർ അവനെയും കൊണ്ട് മറ്റൊരു ഗുഹയിൽ എത്തി. അവിടെയും നല്ല അന്ധകാരമാണ്. പിന്നാലെ വന്ന പന്തക്കാരുടെ വെളിച്ചത്തിൽ അവിടെ കുറേ കാട്ടുവള്ളികൾ കിടക്കുന്നതവൻ കണ്ടു. ഇടയ്ക്കിടെ ഒന്നു രണ്ടു തൂണുകൾ മുറിയിലുണ്ട്. അവയിലും വള്ളികൾ ചുറ്റിപ്പിണഞ്ഞു കിടക്കുന്നു. മുറിയിൽ അവിടവിടെ വസ്ത്രങ്ങൾ ചിന്നിച്ചിതറികിടപ്പുണ്ട്.

അതു കണ്ടപ്പോൾ ലാവോസ് ഒന്നുകൂടി ഭയന്നു വിറച്ചു. നാട്ടിലുള്ള മനുഷ്യർ ധരിക്കുന്ന വസ്ത്രങ്ങളാണിതെല്ലാം. അവരെയെല്ലാം ഈ തൂണുകളിൽ കെട്ടിയിട്ടു കൊന്നു ഭക്ഷിച്ചതാവാം.

അവന്റെ കണക്കുകൂട്ടലുകൾ തികച്ചും ശരിയായിരുന്നു. അവർ അവനെ ഒരു തൂണിൽ ചേർത്തുനിറുത്തി. പിന്നെ ഒന്നു രണ്ടുപേർ ചേർന്നു തറയിൽ ചിതറിക്കിടന്ന ബലമുള്ള വള്ളികൾ നോക്കിയെടുത്തു.

അവനെ തൂണിനോടു ചേർത്തുവച്ചു വലിച്ചുകെട്ടി. തല മാത്രം ഒരു വശത്തേക്കു ചരിക്കാം. മറ്റു ഭാഗങ്ങൾ തൂണിനോടു ചേർത്ത് ആണിയടിച്ചതുപോലെ തോന്നുന്നു.

പിന്നെ അവർ എന്തോ അവനെ നോക്കി പറഞ്ഞു. അവനൊന്നും മനസ്സിലായില്ല. അതെല്ലാം അവരുടെ ഭാഷയിലാണ്. അവർ മുറിയുടെ ഒരുവശത്തേക്കു നടന്നു. ലാവോസ് ആകാംക്ഷയോടെ അങ്ങോട്ടു നോക്കി. അവന്റെ ഹൃദയം പെരുമ്പറപോലെയടിച്ചു. എന്തൊക്കെയോ സംഭവിക്കുവാൻ പോവുകയാണ്.

അവർ ഭിത്തിയിൽ ആഞ്ഞൊന്നു തട്ടി. പെട്ടെന്ന് ഒരു കിളിവാതിൽ മലർക്കെ തുറന്നു. അപ്പോഴാണ് അവന് ആ രഹസ്യസങ്കേതത്തെക്കുറിച്ച് ബോധ്യമായത്.

ഭൂമിക്കടിയിൽ വ്യാപിച്ചുകിടക്കുന്ന കേന്ദ്രമാണത്. അവൻ ആ പുതിയ കിളിവാതിലൂടെ ഒന്നു നോക്കി. അടുത്ത മുറിയുടെ കുറേഭാഗം അതിലൂടെ വ്യക്തമായി കാണാം. അതിലൂടെ ലാവോസ് ഒന്നു നോക്കി.

ഒന്നുകൂടി നോക്കാൻ കരുത്തില്ലാതെ അവൻ തളർന്നു. അടുത്ത മുറിയിൽ ഭിത്തിയോട് ചേർത്ത് വലിയ കാട്ടുമുള്ളുകൾ കൊണ്ട് ഏതാനും മനുഷ്യരെ തറച്ചുനിർത്തിയിരിക്കുന്നു. അവരെല്ലാം മരിച്ചുകഴിഞ്ഞോ എന്നവനു നിശ്ചയമില്ല. ഏതായാലും അവരെല്ലാം മയങ്ങികിടക്കുകയാണ്. ഒരു പക്ഷേ രാത്രി കുറേ ഏറെയായിക്കാണും. അവരുടെ ശരീരത്തിലൂടെ രക്തം ഒഴുകുന്നുണ്ട്.

ഒരു പക്ഷേ നാളെ, തന്നെയും ഇങ്ങനെ ചുവരിൽ തറച്ചു കൊല്ലുമായിരിക്കും. ഏതായാലും ഇവിടം കൊണ്ടു തന്നെ തന്റെ ജീവിതം തീർന്നതു തന്നെ.

അവർ എവിടെ നിന്നോ, കുറേ തേൻ കൊണ്ടുവന്ന് അവന്റെ ചുണ്ടിനോട് ചേർത്തുപിടിച്ചു. അവൻ തലകൊണ്ട് പാത്രത്തിനിട്ട് ആഞ്ഞൊരു തട്ട്. ബന്ധിച്ചശേഷം കുടിക്കാൻ തേനുമായി വന്നിരിക്കുന്നു! പട്ടികൾ. അവൻ മനസ്സിൽ പിറുപിറുത്തു.

തേൻപാത്രം വലിയൊരു ശബ്ദത്തോടെ തറയിൽ വീണു ചിതറി. അതോടൊപ്പം തേൻ അവന്റെ ശരീരത്തിലാകെ പുരണ്ടു. അത് അവനെ ബന്ധിച്ചിരുന്ന വള്ളികളിലും പറ്റിയിരുന്നു.

രാത്രി പിന്നെയും കടന്നുപോയി. നിശയുടെ ഏതോ യാമത്തിൽ അവൻ ഉറക്കത്തിലാഴ്ന്നു പോയി. ശരീരത്തിൽ എന്തോ ഇഴയുന്നതുപോലെ തോന്നിയ അവൻ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. മങ്ങിയ വെളിച്ചത്തിൽ അവൻ ആ സത്യമറിഞ്ഞു. തേൻ പറ്റിയ വള്ളികൾ എലികൾ അറുത്തുമാറ്റിയിരിക്കുന്നു. അവൻ സന്തോഷം കൊണ്ട് മതിമറന്നു.



ലാവോസ് ആരും കാണാതെ ഇടനാഴികൾ കടന്നു ഹാളിലെത്തി. അതിനു മുമ്പിൽ നിരവധി ഭീകരർ കിടന്നുറങ്ങുന്നു. അവരെ സ്പർശിക്കാതെ അവൻ ഓരോ ചുവടും മുന്നോട്ടു വച്ചു. പെട്ടെന്ന് കാൽ വഴുതി ഒരു നരഭോജിയുടെ പുറത്തേയ്ക്ക് അവൻ വീണു. അയാൾ നിലവിളിച്ചുകൊണ്ട് എണീറ്റു നോക്കുമ്പോൾ ലാവോസ് ഓടുന്നതാണ് കണ്ടത്.

*(തുടരും)*

CYAN MAGENTA YELLOW BLACK